**No. CEE/4616/B.Pharm(LE)/2017/TA4**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ - 2017

1. കേരളത്തിലെ വിവിധ സർക്കാർ, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ 2017-18 അദ്ധ്യയന വർഷത്തെ ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

2. പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:
   (i) നേറ്റിവിറ്റി : അപേക്ഷകൻ കേരളീയനായ ഇൻഡ്യൻ പൗരനായിരിക്കണം.
   (ii) വിദ്യാഭ്യാസ യോഗ്യത: 50% മാർക്കിൽ കുറയാതെയുള്ള ഡി.ഫാം ബിരുദം (ഡിപ്ലോമ ഇൻ ഫാർമസി) (അപേക്ഷകർ ഫാർമസി കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനത്തിൽ പഠിച്ച്, സ്റ്റേറ്റ് ബോർഡ് ഓഫ് ഡി.ഫാം/തത്തുല്ല്യ പരീക്ഷ എഴുതി പാർട്ട് 1, പാർട്ട് 2 പരീക്ഷകൾക്ക് 50% മാർക്കിൽ കുറയാതെ നേടിയിരിക്കണം).
   (iii) വയസ്സ്: പ്രവേശനത്തിന് ഉയർന്ന പ്രായപരിധിയില്ല.

3. പ്രവേശന പരീക്ഷ: ലാറ്ററൽ എൻട്രി മുഖേന ബി.ഫാം കോഴ്സിനു പ്രവേശനം ആഗ്രഹിക്കുന്നവർ പ്രവേശന പരീക്ഷാ കമ്മീഷണർ, **2017 ഒക്ടോബർ 22 -ാം തീയതി (ഞായർ)** തിരുവനന്തപുരത്തു വച്ചു നടത്തുന്ന പ്രവേശന പരീക്ഷ എഴുതേണ്ടതാണ്. പ്രവേശന പരീക്ഷയ്ക്ക് 2 മണിക്കൂർ ദൈർഘ്യമുള്ള 120 ചോദ്യങ്ങളുള്ള ഒരു പേപ്പറാണുള്ളത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് മാതൃകയിലുള്ളതായിരിക്കും.

**4. ഓൺലൈൻ അപേക്ഷ സമർപ്പണവും, അപേക്ഷ ഫീസും:–**

പ്രോസ്പെക്ടസും, ഓൺലൈൻ അപേക്ഷാഫോറവും 04.10.2017 മുതൽ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ നിശ്ചിത ഫീസ് ഓൺലൈൻ പേയ്മെന്റായോ, ഇ–ചെലാൻ മുഖേനയോ അടയ്ക്കേണ്ടതാണ്. ഇ–ചെലാൻ വഴി ഫീസ് ഒടുക്കുന്നവർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന ഇ–ചെലാൻ ഉപയോഗിച്ച് പണമായി കേരളത്തിലെ ഏതെങ്കിലും പോസ്റ്റോഫീസിന്റെ ഹെഡ്/ശാഖകളിലോ അടയ്ക്കേണ്ടതാണ്. ഫീസ് ഒടുക്കിയ ശേഷം അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റിന്റെ കോപ്പി എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. **അപേക്ഷയുടെ പ്രിന്റൗട്ട് സർട്ടിഫിക്കറ്റ്/മറ്റ് അനുബന്ധരേഖകളുടെ കോപ്പി എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലേയ്ക്ക് അയയ്ക്കേണ്ടതില്ല.**

ജനറൽ വിഭാഗക്കാർ 800 രൂപയും, എസ്.സി വിഭാഗക്കാർ 400 രൂപയും ഒടുക്കേണ്ടതാണ്. എസ്.റ്റി വിഭാഗക്കാർ ഫീസ് ഒടുക്കേണ്ടതില്ല. ഒരിക്കൽ ഒടുക്കിയ ഫീസ് റീഫണ്ട് ചെയ്യുന്നതല്ല. പ്രോസ്പെക്ടസ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

**5.ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും:–**

B.Pharm(LE)-2017 കോഴ്സിലേയ്ക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഓൺലൈനായി സമർപ്പിച്ച അപേക്ഷയോടൊപ്പം പ്രോസ്പെക്ടസ് ക്ലോസ് 7.3.5–ൽ പറഞ്ഞിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ എന്നിവ 12.10.2017 വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെയും അപ്‌ലോഡ് ചെയ്ത രേഖകളുടെയും പ്രിന്റൗട്ടിന്റെ കോപ്പി കൈവശം സൂക്ഷിക്കേണ്ടതാണ്.

6. ഓൺലൈനായി അപേക്ഷ സമർപ്പിച്ചതിനുശേഷം സർട്ടിഫിക്കറ്റ്/അനുബന്ധരേഖകൾ പുതുതായി ഉൾപ്പെടുത്താൻ അനുവദിക്കുന്നതല്ല.

7. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് അപേക്ഷാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമായ പ്രോസ്പെക്ടസിലെ വിശദാംശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**Help Line Numbers: 0471 2339101, 2339102, 2339103, 2339104**

MS Faye

തിരുവനന്തപുരം **പ്രവേശന പരീക്ഷാ കമ്മീഷണർ**

04.10.2017